"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് -എക്സൈസ് -കാസർഗോഡ് കുമ്പള എക്സൈസ് റേഞ്ച് ക്രൈം 90/2023 കേസ്സിലുൾപ്പെട്ട് സർക്കാരിലേയ്ക്ക് കണ്ടുകെട്ടിയ KA-19-AC-7246 നമ്പർ Ashok Leyland Dosth Goods carrier വാഹനം ജയിൽ വകുപ്പിന് സൗജന്യമായി അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി(എഫ് ) വകുപ്പ്**

**സ.ഉ.(സാധാ) നം.553/2025/TAXES** **തീയതി,തിരുവനന്തപുരം, 12-06-2025**

---

പരാമർശം:-
1. സ.ഉ.(സാധാ)നം.186/2024/നികുതി തീയതി 01.03.2024.
2. പ്രിൻസൺസ് &കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 4.04.2024 തീയതിയിലെ P2-19750/2023/PrHQ നമ്പർ കത്ത്
3. സ.ഉ.(കൈ)നം.22/2024/നികുതി തീയതി 23.05.2024
4. സ.ഉ.(സാധാ)നം.830/2024/നികുതി തീയതി 11.09.2024.
5. എക്സൈസ് കമ്മീഷണറുടെ 12.12.2024-ലെ ഇ.എക്സ്.സി/5292/2024-എക്സ്.എ4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1)-ലെ ഉത്തരവ് പ്രകാരം വിവിധ അബ്കാരി കേസുകളിൽ ഉൾപെട്ട് സർക്കാരിലേയ്ക്ക് കണ്ടുകെട്ടിയ സുൽത്താൻ ബത്തേരി എക്സൈസ് റേഞ്ച് ക്രൈം നമ്പർ 156/2021-ൽ ഉൾപെട്ട KL-11-BS-9468 മഹീന്ദ്ര പിക്കപ്പ് (2020 മോഡൽ)വാഹനം, അഗളി എക്സൈസ് റേഞ്ച് ക്രൈം നമ്പർ 03/2019-ൽ ഉൾപെട്ട KL-49-B-4069 Mahindra Maximo Pick Up (2010 മോഡൽ), ഇരിട്ടി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 195/2021-ൽ ഉൾപെട്ട KL-44-C-8819 Mahindra Bolero Maxi Truck എന്നീ മൂന്നു വാഹനങ്ങൾ 1996-ലെ കേരള അബ്കാരി (ഡിസ്പോസൽ ഓഫ് കോൺഫിസ്കേറ്റഡ് ആർട്ടിക്കിൾസ്) റൂൾസിലെ റൂൾ 23 പ്രകാരം ജയിൽ വകുപ്പിന്റെ ഉപയോഗത്തിനായി സൗജന്യമായി അനുവദിച്ച് ഉത്തരവായിരുന്നു. ടി വാഹനങ്ങളിൽ KL-49-B-4069 Mahindra Maximo Pick Up (2010 മോഡൽ) എന്ന വാഹനം ഒഴികെ മറ്റു രണ്ട് വാഹനങ്ങൾ ഏറ്റെടുക്കുന്നതിനുവേണ്ട തുടർനടപടികൾ ജയിൽ വകുപ്പ് സ്വീകരിച്ചു വരികയാണെന്നും, KL-49-B-4069 Mahindra Maximo Pick Up (2010 മോഡൽ) എന്ന വാഹനം അടുത്ത വർഷം 15 വർഷ കാലാവധി തികയുന്ന വാഹനമായതിനാൽ അത്യാവശ്യം അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗപ്രദമാക്കിയാലും കൂടുതൽ കാലം ഉപയോഗിക്കുവാൻ കഴിയില്ല എന്നും, അത് സർക്കാരിന് സാമ്പത്തികനഷ്ടം

ഉണ്ടാക്കുമെന്നതിനാൽ ടി വാഹനം ജയിൽ വകുപ്പിന് ആവശ്യമില്ലായെന്നുമുള്ള വിവരം ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവീസസ് പരാമർശം (2) പ്രകാരം അറിയിക്കുകയുണ്ടായി. കൂടാതെ, ജയിൽ വകുപ്പിന്റെ ഉപയോഗത്തിനായി സൗജന്യമായി അനുവദിച്ച ഉത്തരവ് റദ്ദ് ചെയ്ത് പുതിയ ഉത്തരവിറക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് എക്സൈസ് കമ്മീഷണർ പരാമർശം (5) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. ടി ഉത്തരവ് റദ്ദ് ചെയ്യണമെന്ന എക്സൈസ് കമ്മീഷണറുടെ ശിപാർശ പരിഗണിച്ച് ടി വാഹനം അനുവദിച്ച നടപടി പരാമർശം (4) പ്രകാരം റദ്ദ് ചെയ്യുകയുണ്ടായി. മേൽപരാമർശിച്ചിട്ടുള്ള പരാമർശം (1)-ലെ ഉത്തരവ് ഭാഗികമായി ഭേദഗതി വരുത്തി കൈമാറിയ KL 49 B 4069 Mahindra Maximo pickup/2010 model എന്ന വാഹനത്തിന് പകരമായി ഒരു Light Commercial Vehicle ജയിൽ വകുപ്പിന് ലഭ്യമാക്കണമെന്ന് ആഭ്യന്തര വകുപ്പ് അഭ്യർത്ഥിക്കുകയുണ്ടായി. കാസർഗോഡ് കുമ്പള എക്സൈസ് റേഞ്ച് ക്രൈം 90/2023 കേസിലുൾപെട്ട് സർക്കാരിലേയ്ക്ക് കണ്ടുകെട്ടിയ KA-19-AC-7246 നമ്പർ Ashok Leyland Dosth Goods Carrier വാഹനം ജയിൽ വകുപ്പിന് സൗജന്യമായി അനുവദിക്കുന്നതിനായി പരാമർശം (5) പ്രകാരം എക്സൈസ് കമ്മീഷണർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

**2)**സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് കുമ്പള എക്സൈസ് റേഞ്ച് ക്രൈം 90/2023 കേസിലുൾപെട്ട് സർക്കാരിലേയ്ക്ക് കണ്ടുകെട്ടിയ KA-19-AC-7246 നമ്പർ Ashok Leyland Dosth Goods Carrier വാഹനം കേരള അബ്കാരി (ഡിസ്പോസൽ ഓഫ് കോൺഫിസ്കേറ്റഡ് ആർട്ടിക്കിൾസ്) റൂൾസിലെ റൂൾ 23 പ്രകാരം ജയിൽ വകുപ്പിന് സൗജന്യമായി അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
ജോയിന്റ് സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് -ഇ.ആർ.എസ്.എ)കേരളം, തിരുവനന്തപുരം
3. ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവീസസ്, തിരുവനന്തപുരം.
4. ആഭ്യന്തര (ബി)വകുപ്പ് (B2/222/2023/HOME)
5. വെബ് &ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി (F3/272/2023/TAXES)

ഉത്തരവിൻ പ്രകാരം

Signed by
Jagadish Babu M
സെക്ഷൻ ഓഫീസർ
Date: 13-06-2025 11:05:34